(സി) ഈ കാലഘട്ടത്തിൽ എത്ര വെണ്ടർമാർ ഈ ആവശ്യം ഉന്നയിച്ചു കൊണ്ടുള്ള അപേക്ഷ സമർപ്പിച്ചു; ഈ കാലഘട്ടത്തിൽ ഇത്തരത്തിൽ കിട്ടിയ അപേക്ഷകളുടെ എണ്ണം ഇതിനുമുമ്പുള്ള സമാന കാലഘട്ടത്തിൽ കിട്ടിയ അപേക്ഷകളേക്കാൾ കൂടുതലായിരുന്നുവോ;

(ഡി) എങ്കിൽ എത്രകണ്ട് കൂടുതലായിരുന്നു; അതിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 3,80,47,260 (മൂന്നു കോടി എൺപത് ലക്ഷത്തി നാൽപ്പത്തിയേഴായിരത്തി ഇരുന്നൂറ്റി അറുപത്) രൂപ നൽകിയിട്ടുണ്ട്.

(ബി) കേടായ മുദ്രപത്രത്തിന് പകരം മുദ്രപത്രം നൽകിയിട്ടില്ല. റീഫണ്ടാണ് നൽകുന്നത്.

(സി, ഡി) വിവരം ശേഖരിച്ചുവരുന്നു.

സ്റ്റാമ്പ് വെണ്ടർമാരുടെ അനധികൃതമായുള്ള നിയമനം

39 [1046] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, എ. സുജനപാൽ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എഴുകോൺ നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സ്റ്റാമ്പ് വെണ്ടർമാരെ നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) അവരെ നിയമിക്കുന്നതിന് അധികാരപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്;

(സി) അനധികൃതമായി പുതിയ സ്റ്റാമ്പ് വെണ്ടർ നിയമനം നടത്തുന്ന നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ആരാണ് നിവേദനം നൽകിയത്; നിവേദനത്തിൻമേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃത സ്റ്റാമ്പ് വെണ്ടർ നിയമനം നിർത്തിവയ്ക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(എഫ്) എങ്കിൽ ആയതിന്റെ കോപ്പി മേശപ്പുറത്ത് വയ്ക്കുമോ?

ഉത്തരം

(എ) ജില്ലാ കളക്ടർ അദ്ധ്യക്ഷനായി ജില്ലാ രജിസ്ട്രാർ (ജനറൽ), ജില്ലാ ട്രഷറി ഓഫീസർ എന്നിവർ അംഗങ്ങളായുള്ള ജില്ലാതല കമ്മിറ്റിയാണ് വെണ്ടർ നിയമനത്തിനുള്ള അപേക്ഷ പരിഗണിച്ച് ജില്ലാ ട്രഷറി ഓഫീസർ വെണ്ടർ ലൈസൻസ് നൽകുന്നു.

LIBRARY ARCHIVES Kerala Legislative Assembly

18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും എസ്.എസ്.എൽ.സി. പാസാകാത്തവർക്കും ലൈസൻസിന് അർഹതയുണ്ടായിരിക്കുന്നതല്ല. ഓരോ സ്ഥലത്തും അർഹതയുള്ള സ്റ്റാമ്പ് വെണ്ടർമാരുടെ എണ്ണം നിശ്ചയിക്കുന്നത് ജില്ലാ കളക്ടർ ആണ്.

(ബി) മേൽ കമ്മിറ്റിയുടെ തീരുമാനപ്രകാരം ജില്ലാ ട്രഷറി ഓഫീസറാണ് വെണ്ടർമാർക്ക് ലൈസൻസ് നൽകുന്നത്.

(സി—എഫ്) വെണ്ടർ നിയമന നടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് കേരളാ സ്റ്റാമ്പ് വെണ്ടേഴ്സ് യൂണിയൻ നിവേദനം നൽകിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ച് വരികയാണ്.

60 വയസ്സ് പൂർത്തിയായ സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് പുതുക്കേണ്ടതില്ലെന്ന ഉത്തരവ്

40 [1047] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, ടി. എൻ. പ്രതാപൻ:
,, വി. ഡി. സതീശൻ:
,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 60 വയസ്സ് പൂർത്തിയായ സ്റ്റാമ്പ് വെണ്ടർമാരുടെ ലൈസൻസ് പുതുക്കേണ്ടതില്ലെന്ന ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ ഉത്തരവിനെതിരെ ഏതെങ്കിലും സ്റ്റാമ്പ് വെണ്ടർമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് കൊടുത്തിട്ടുണ്ടോ; എങ്കിൽ ആരെല്ലാം; എന്താവശ്യം ഉന്നയിച്ചാണ് കേസ് കൊടുത്തതെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സ്റ്റാമ്പ് വെണ്ടർമാരുടെ നിയമനത്തെക്കുറിച്ചും മറ്റുമുള്ള പ്രശ്നം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ അതു സംബന്ധിച്ച തീരുമാനം ഉണ്ടാകുന്നതിനു മുമ്പായി ഏതെല്ലാം ജില്ലകളിൽ പുതിയ സ്റ്റാമ്പ് വെണ്ടർ നിയമനത്തിന് അപേക്ഷ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ അപേക്ഷകളിന്മേൽ ആരാണ് തീരുമാനമെടുക്കേണ്ടതെന്നും അവയിന്മേൽ തീരുമാനമെടുത്തുവോ എന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 7-2-2003-ലെ ജി.ഒ. (പി) നമ്പർ 23/2003/നി.വ. ഉത്തരവ് പ്രകാരം 18 വയസ്സ് പൂർത്തിയാകാത്തവർക്കും, 60 വയസ്സ് പൂർത്തിയായവർക്കും, എസ്.എസ്.എൽ.സി. പാസാകാത്തവർക്കും വെണ്ടർ ലൈസൻസിന് അർഹതയില്ല.

(ബി) ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉണ്ട്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) 7-2-2003-ലെ ജി.ഒ. (പി) 23/2003/നി.വ. ഉത്തരവനുസരിച്ച് ജില്ലാ കമ്മിറ്റികളാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly